# പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 3819** **31.01.2014 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ കമ്പനികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ എത്ര സൗരോർജ്ജ കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്; ജില്ലതിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;<br>(ബി) ഇവയിൽ രജിസ്ട്രേഷൻ ഉള്ളവ ഏതെല്ലാമാണ്; രജിസ്ട്രേഷൻ ഇല്ലാത്തവ ഏതെല്ലാമാണ്; | (എ) യും (ബി) യും<br>ഇത് സംബന്ധിച്ച വിവരം ലഭ്യമല്ല. |
| (സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ കമ്പനികൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കാനും അവയുടെ പ്രവർത്തനം സർക്കാരിന്റെ നിയന്ത്രണത്തിൻ കീഴിലാക്കാനും അതുവഴി പ്രസ്തുത മേഖലയിലെ അഴിമതിയും തട്ടിപ്പും ഒഴിവാക്കാനും എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ; | (സി) സൗരോർജ്ജ മേഖലയിലെ അഴിമതിയും തട്ടിപ്പും ഒഴിവാക്കുന്നതിനായി, കേരള സോളാർ എനർജി പോളിസി - 2013 ൽ താഴെപ്പറയുന്ന മുൻകരുതലുകൾ നിഷ്കർഷിച്ചിട്ടുണ്ട്.<br>(1) ഗ്രിഡ് ടൈ സോളാർ പ്ലാന്റുകൾക്ക്, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിച്ചിട്ടുള്ള സ്റ്റാൻഡേർഡ് പ്രകാരമുള്ള സാധന സാമഗ്രികൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.<br>(2) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള ലൈസൻസ് ലഭിച്ചവർക്ക് മാത്രമേ കേരളത്തിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കുകയുള്ളൂ.<br>(3) കേരളത്തിലുള്ള സൗരോർജ്ജ സംരംഭകരാണെങ്കിൽ ഗവൺമെന്റ് ഓഫ് ഇന്ത്യ എം.എൻ.ആർ.ഇ തെരഞ്ഞെടുക്കപ്പെട്ട |

സംരംഭകർക്കേ സൗരോർജ്ജപ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കൂ.

(4) അക്ഷയ ഊർജ്ജസ്രോതസ്സായ സൗരോർജ്ജം ഉപയോഗപ്പെടുത്തുമ്പോൾ ഗുണഭോക്താക്കൾ വഞ്ചിക്കപ്പെടാതിരിക്കാനുള്ള മുന്നറിയിപ്പ് സൗരോർജ്ജ നയത്തിന്റെ ആമുഖത്തിൽ ചേർത്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്തു പ്രവർത്തിക്കുന്ന സൗരോർജ്ജ കമ്പനികളിൽ കേന്ദ്ര പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചവ ഏതെല്ലാം;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സൗരോർജ്ജ കമ്പനികളിൽ നിന്നും നിലവിൽ കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ എംപാനൽ ലിസ്റ്റിൽ ഉൾപ്പെട്ടവയുടെ ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു. (അനുബന്ധം - 1)

(ഇ) സംസ്ഥാനത്തു നിലവിൽ പ്രവർത്തിക്കുന്ന സൗരോർജ്ജ കമ്പനികളുടെ ഉല്പന്നങ്ങൾ സംസ്ഥാന ഗവൺമെന്റോ മറ്റേതെങ്കിലും നിയോഗിക്കപ്പെട്ട ഏജൻസിയോ നിലവിൽ പരിശോധന നടത്തുന്നുണ്ടോ;

(എഫ്) ഇല്ല എങ്കിൽ ഇതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

<u>(ഇ) യും (എഫും)</u>

അനെർട്ട് നടപ്പിലാക്കുന്ന സൗരോർജ്ജ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കമ്പനികളുടെ ഉപകരണങ്ങൾ എല്ലാം തന്നെ എം.എൻ. ആർ.ഇ അനുശാസിക്കുന്ന ടെസ്റ്റ് ലാബുകളിൽ നിന്ന് അംഗീകാരം നേടിയവയാണ്.

(ജി) ഇപ്പോൾ അനെർട്ട് സംസ്ഥാനത്ത് പ്രസ്തുത മേഖലയിൽ നടത്തിവരുന്ന പ്രവൃത്തികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(ജി) സൗരോർജ്ജ വൈദ്യുതിയുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിനായി അനെർട്ട് നടപ്പാക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

1) 10000 വീടുകളിലായി 1 കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി

2) 1 കിലോവാട്ടിന് മുകളിൽ സ്ഥാപിതശേഷിയുള്ള പവർപ്ലാന്റുകളുടെ സ്ഥാപിക്കൽ, പ്രസ്തുത പദ്ധതികൾക്കാവശ്യമായ സാങ്കേതിക മേൽനോട്ടം, ഡി.പി.ആർ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ.

3) സൗരോർജ്ജ തെരുവ് വിളക്കുകളുടെ സ്ഥാപനം

| | |
|---|---|
| | 4) സൗരോർജ്ജ വാട്ടർ ഹീറ്ററുകളുടെ സ്ഥാപനം<br>5) സൗരോർജ്ജ റാന്തലുകളുടെ വിതരണം |
| (എച്ച്) ഈ മേഖലയിലെ പ്രവൃത്തികൾക്ക് ഇപ്പോൾ നൽകിവരുന്ന കേന്ദ്ര/സംസ്ഥാന സബ്സിഡികൾ ലഭിക്കുന്നതിനുള്ള പദ്ധതികൾ ഏതെല്ലാം എന്നും വ്യക്തമാക്കുമോ; | (എച്ച്) അനെർട്ട് വഴി നടപ്പാക്കുന്ന പദ്ധതികൾക്കെല്ലാം തന്നെ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ, രണ്ടുമോ സബ്സിഡികൾ ലഭ്യമാകുന്നതാണ്. |
| (ഐ) പ്രസ്തുത സബ്സിഡിയിൽ കൃത്രിമം കാണിച്ചതും, ഗുണനിലവാരം ഇല്ലാത്ത സാധനങ്ങൾ ഉപയോഗിച്ചതുമായ പരാതികൾ സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട സംസ്ഥാനത്തു പ്രവർത്തിക്കുന്ന കമ്പനികൾ ഏതെല്ലാം;<br><br>(ജെ) ഇവയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി പ്രവർത്തനം തടയുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | <u>(ഐ) യും (ജെ) യും</u><br>സബ്സിഡിയിൽ കൃത്രിമം കാണിച്ചതായി ഒരു കേസും ഇതുവരെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന 10000 റൂഫ്ടോപ്പ് സോളാർ പദ്ധതി പ്രകാരം സ്ഥാപിച്ച സൗരോർജ്ജ പ്ലാന്റിൽ നിന്ന് ശരിയായ അളവിൽ വൈദ്യുതി ലഭിക്കുന്നില്ല എന്നുള്ള ഒരു പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതി പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| | | |
|---|---|---|
| 1 | Ammini Solar Pvt. Ltd. | Plot No. 33-37, KINFRA Small Industries Park, St. Xavier's College Post, Thiruvananthapuram – 695 586 |
| 2 | Shobitha Electronics (Manufacturers) Pvt. Ltd. | Devi Priya, A-25, Pillaveedu Nagar, Kesavadasapuram, Pattom P.O., Thiruvananthapuram – 695 004 |
| 3 | AICA Engineering (India) Pvt. Ltd. | No. 2/304, Kanjikuzhy Puthupally Road, Thruthel Bridge, Kottayam – 686 004 |
| 4 | Team Sustain | Plot No. 71, MRA, Kakkanad, Cochin – 682 030 |
| 5 | E2 Solar | Punnakkattil Complex, Angamaly Road, Kalady – 683 575 |
| 6 | PTL Solar Energy Pvt. Ltd. | 2nd Floor, Saniya Building, Pump Junction, Aluva, Eranakulam |
| 7 | Hykon India Pvt. Ltd. | Hykon House, Ikkanda Warrier Road, Nr. Manorama Office, Thrissur – 680 001 |
| 8 | Solarking INC | 30/172, Yogananda, Madom, Poonithura - 682 038 |
| 9 | Reecco Energy India Pvt. Ltd. | IV/B3, B4, Pala Road, Thodupuzha, Kerala – 685 584 |
| 10 | IGA Tech Industrial Electronics (P) Ltd. | XII/230, iga Tech Lane, Morarji Road, Vazhakkala, Kakkanad (W), P.O. Kochi – 682 030 |
| 11 | Nature 2 Nature Ecosystem Pvt. Ltd. | #273, 15th Cross, Giri Nagar, Cochin – 682 020 |
| 12 | Whiteness | Nr. Amritha Hotel, Thycaud, Trivandrum – 695 014 |
| 13 | Kavone Technology Pvt. Ltd. | VE Arcade, Palarivattom Jn, Kochi – 682 025 |

[signature]